<u>**15 -ാം കേരള നിയമസഭ**</u>

<u>**13 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 311**</u> <u>**23-01-2025 - ൽ മറുപടിയ്ക്ക്**</u>

<u>**നാദാപുരം എക്സൈസ് റേഞ്ച് ഓഫീസിന് പുതിയ വാഹനം**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടി നിയോജക മണ്ഡലത്തിൽ ഉൾപ്പെടെ എക്സൈസ് വകുപ്പിന്റെ പ്രവർത്തനത്തിനായി ഉപയോഗിക്കുന്ന നാദാപുരം എക്സൈസ് റേഞ്ച് ഓഫീസിന്റെ വാഹനം കാലപ്പഴക്കത്താൽ പ്രവർത്തനരഹിതമായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നിലവിൽ വാഹനം ഇല്ലാത്തതിനാൽ സമയബന്ധിതമായി എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശോധന നടത്തുന്നതിന് തടസ്സം നേരിടുന്ന സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; നിലവിലെ വാഹനത്തിന്റെ അവസ്ഥ സംബന്ധിച്ച് മെക്കാനിക്കൽ വിഭാഗം നൽകിയ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സ്വീകരിക്കുന്നതാണ് ; ഉണ്ട്. |
| (സി) | മയക്കുമരുന്ന് കേസ്സുകൾ ഉൾപ്പെടെ, ലഹരി സംബന്ധമായ ഒട്ടനവധി പരാതികൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ നാദാപുരം എക്സേഞ്ച് റേഞ്ച് ഓഫീസിലേക്ക് പുതിയ വാഹനം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | പുതിയ വാഹനങ്ങൾ വാങ്ങുന്ന മുറയ്ക്കോ / അബ്കാരി കേസിൽ ഉൾപ്പെട്ട് സർക്കാരിലേയ്ക്ക് കണ്ട് കെട്ടുന്ന വാഹനങ്ങളിൽ വകുപ്പിന്റെ ഉപയോഗത്തിന് യോഗ്യമായ വാഹനങ്ങൾ ലഭ്യമാകുന്ന മുറയ്ക്കോ നിശ്ചിത മുൻഗണനാ ക്രമത്തിന് അനുസരിച്ച്, നാദാപുരം എക്സൈസ് റേഞ്ച് ഓഫീസിന് വാഹനം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ